ഐ. ആർ. ബറ്റാലിയനുകൾ

9 (1749) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഐ. ആർ. ബറ്റാലിയനുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; കൂടുതൽ ഐ. ആർ. ബറ്റാലിയനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് ഐ.ആർ. ബറ്റാലിയൻ രൂപീകരിക്കുന്നതിന്റെ ഭാഗമായി 675 പോലീസുകാരുടെ നിയമന നടപടി പൂർത്തീകരിച്ചിട്ടുള്ളതും 28-12-2010-ൽ ഐ. ആർ. ബറ്റാലിയൻ റെഗുലർ വിംഗിന്റെ ട്രെയിനിംഗ് തൃശ്ശൂർ പോലീസ് അക്കാഡമിയിൽ തുടങ്ങുന്നതും ഐ.ആർ. ബറ്റാലിയൻ കമാൻഡോ വിംഗിന്റെ പരിശീലനം 24-1-2011-ൽ പാണ്ടിക്കാട് പോലീസ് ക്യാമ്പിൽ തുടങ്ങുന്നതിനായി ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് അയച്ചിട്ടുള്ളതുമാണ്. കൂടാതെ ഒരു കമാൻഡന്റ് 6 ഡി.വൈ.എസ്.പി.-മാർ 'ഒരു ഹെഡ് ക്ലാർക്ക്' രണ്ട് ക്ലാർക്ക് എന്നിവരെയും ഐ.ആർ. ബറ്റാലിയനിൽ നിയമിച്ചിട്ടുണ്ട്. പുതിയ ഇന്ത്യാ റിസർവ് ബറ്റാലിയൻ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സിവിൽ പോലീസ് ഫോഴ്സ്

10 (1750) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഫോഴ്സിന് രൂപം നൽകിക്കഴിഞ്ഞോ ; എങ്കിൽ ഇതിന്റെ രൂപീകരണവും പ്രവർത്തനവും ഏത് തരത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

10-12-2010-ലെ സ.ഉ. (പി) 268/2010/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം കേരള സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസ് രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

വ്യാജ ആയുധ ലൈസൻസുകൾ

11 (1751) ശ്രീ. യു. സി. രാമൻ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ ആയുധലൈസൻസുകളും തോക്കുകളും വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വകാര്യ സെക്യൂരിറ്റി ജീവനക്കാരിൽ പലരും വ്യാജ ആയുധ ലൈസൻസുകൾ സംഘടിപ്പിച്ച് തോക്കു കൈവശം വയ്ക്കുന്നതായി പോലീസ് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സ്വകാര്യ ബാങ്കുകൾ, പണമിടപാടു സ്ഥാപനങ്ങൾ എന്നിവയിൽ തൊഴിൽ സംഘടിപ്പിക്കാനുള്ള ആഗ്രഹത്താൽ അന്യ സംസ്ഥാനക്കാർ ഇത്തരം വ്യാജ ലൈസൻസു തട്ടിപ്പിന് ഇരയാകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സെക്യൂരിറ്റി ആവശ്യമുള്ള സ്ഥാപനങ്ങൾ തന്നെ ആവശ്യമെങ്കിൽ ആയുധ ലൈസൻസെടുത്ത് സെക്യൂരിറ്റിക്കാരെ നിയോഗിക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തി സാധാരണക്കാർ ഇത്തരം തട്ടിപ്പിനിരയാകാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

ഗുണ്ടാ ആക്ട് കൂടുതൽ കാര്യക്ഷമമാക്കി മാറ്റാൻ നിർദ്ദേശങ്ങൾ

12 (1752) ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഗുണ്ടാ ആക്ട് കൂടുതൽ കാര്യക്ഷമമാക്കി മാറ്റാൻ എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പ്രാവർത്തികമാക്കുന്നത് ;

(ബി) നിലവിലെ ആക്ടിലെ ഏതൊക്കെ വ്യവസ്ഥകൾക്ക് ഭേദഗതി വേണമെന്ന നിർദ്ദേശങ്ങളാണ് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ളത് ?

ഉത്തരം

(എ) കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ പ്രവർത്തികൾ സസൂക്ഷ്മം നിരീക്ഷിക്കുവാനും തക്കസമയത്ത് നടപടിക്ക് വേണ്ടി ശിപാർശ ചെയ്യുവാനും പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ടിൽ പ്രതിമയുടെ ജുഡീഷ്യൽ കസ്റ്റഡി, ജാമ്യം മുതലായവയുടെ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തുവാനും ജില്ലാ പോലീസ് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007-ലെ ചില വകുപ്പുകളിൽ ഭേദഗതി വരുത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly